9747
27/4/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടി പ്രകാരം നിയമിക്കപ്പെട്ട ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(എം.എസ്) നം. 87/2017/തസ്വഭവ　　　　തീയതി, തിരുവനന്തപുരം: 24/04/2017

---

പരാമർശം: സ.ഉ (സാധാ)നം.2518/2009/തസ്വഭവ തീയതി 01.10.2009.

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായി ആരംഭിച്ച സാംസ്കാരിക നിലയങ്ങളിലും ശിശുമന്ദിരങ്ങളിലും ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ തസ്തികകളിൽ ജോലി ചെയ്തിരുന്നവർക്ക് പരാമർശ ഉത്തരവ് അനുസരിച്ച് ഓണറേറിയം പുതുക്കി നിശ്ചയിച്ച് നൽകിയിരുന്നു.

ഓണറേറിയം അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരുന്ന പാർട്ട് ടൈം ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ തസ്തികകളിൽ ജോലി ചെയ്തിരുന്നവരിൽ പത്തുവർഷം പൂർത്തിയായവരെ 2010 ൽ സർക്കാർ സ്ഥിരപ്പെടുത്തി. പാർട്ട് ടൈം ജീവനക്കാരായി നിയമിച്ചു. അന്ന് പത്ത് വർഷം പൂർത്തിയാക്കാതെ അവശേഷിച്ചവരും പാർട്ട് ടൈം തസ്തികയിൽ സ്ഥിരപ്പെടുത്തിയവർ പിന്നീട് ഫുൾടൈം ആയി മാറി സ്ഥലംമാറ്റപ്പെട്ടതിനെത്തുടർന്ന് നിയമിക്കപ്പെട്ടവരുമായ ലൈബ്രേറിയന്മാരും നഴ്സറി ടീച്ചർമാരും, ആയമാരും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് നിലവിൽ നൽകപ്പെടുന്ന ഓണറേറിയം ലൈബ്രേറിയനും, നഴ്സറി ടീച്ചറിനും 2050/- രൂപയും, ആയയ്ക്ക് 1400/- രൂപയും മാത്രമാണ്. ഇവരിൽ ഭൂരിഭാഗവും നിലവിൽ പത്ത് വർഷത്തിലധികമായി പ്രസ്തുത തസ്തികകളിൽ ജോലി ചെയ്തുവരുന്നവരുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായി ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ഇവർക്ക് സമാനമേഖലകളിൽ നൽകുന്ന വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടി പ്രകാരം പ്രവർത്തിക്കുന്ന സാംസ്കാരികനിലയം, ശിശുമന്ദിരം, എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം 12,000/- രൂപയായും ആയമാർക്ക് 8,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ടും ഇതിലേയ്ക്കാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് അനുമതി നൽകികൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു. പ്രസ്തുത ഓണറേറിയം വർദ്ധനവിന് 01.01.2017 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ എ.ജി.(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
എ.ജി. (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഫയൽ നം.ധന-4/9/2014 തീയതി, 19/04/2016.)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. 4/ഇപിഎ 2/2017/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ